(എ) ഇരിട്ടി വിദ്യാഭ്യാസ ഉപജില്ലയിൽ എത്ര സ്കൂളുകൾ ഉണ്ട് ;

(ബി) വിദ്യാഭ്യാസ ഉപജില്ലയുടെ വിസ്തൃതി, സ്കൂളുകളുടെ എണ്ണം,വിദ്യാർത്ഥികളുടെ എണ്ണം തുടങ്ങിയ ശാസ്ത്രീയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ ഉപജില്ലകൾ പുനഃസംഘടിപ്പിക്കുകയും അതിവിസ്തൃതമായ ഉപജില്ലകൾ വിഭജിച്ച് പുതിയ ഉപജില്ലകൾ ആരംഭിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 82

(ബി&സി) ഇല്ല.

### പൊതു വിദ്യാഭ്യാസ വകുപ്പിലെ ഒഴിവുകൾ

91 (2151) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതു വിദ്യാഭ്യാസ വകുപ്പിൽ വിവിധ തസ്തികകളിലുള്ള ഒഴിവുകൾ നികത്തപ്പെടാതെ കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുമൂലം പൊതുവിദ്യാഭ്യാസ മേഖലയിലുണ്ടായിട്ടുള്ള അനിശ്ചിതാവസ്ഥയ്ക്ക് പരിഹാരം കാണാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഒഴിവുള്ള തസ്തികകൾ നികത്തുന്നതിനുള്ള സത്വര നടപടി സ്വീകരിച്ചുവരുന്നു.

### തിരുവനന്തപുരം ഡി.ഇ.ഓഫീസിൽ ലഭിച്ച ശമ്പള പരിഷ്ക്കരണ സ്റ്റേറ്റ്മെന്റ്

92 (2152) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വകുപ്പിൽ തിരുവനന്തപുരം ഡി. ഇ. ഓഫീസിൽ എത്ര എയ്ഡഡ് സ്കൂളുകളിൽ നിന്നും ശമ്പള പരിഷ്കരണ സ്റ്റേറ്റ്മെന്റുകൾ മേലൊപ്പിനായി ലഭിച്ചുവെന്നും അവയിൽ ഏതെല്ലാം സ്കൂളുകളുടേത് മേലൊപ്പ് ചാർത്തി തിരിച്ചു നൽകിയെന്നും തീയതി സഹിതം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly